"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. പ്രദീപൻ കാരായി ഫയൽ ചെയ്ത OA(EKM) No. 840/2023 നമ്പർ കേസിന്റെ 30.10.2023 ലെ ഉത്തരവ് നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.80/2024/F&WLD　　　　തീയതി,തിരുവനന്തപുരം, 13-02-2024.

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 840/2023 നമ്പർ കേസിൻമേലുള്ള 30.10.2023 ലെ ഉത്തരവ്.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.12.2023 ലെ ഇ4/4039/2023 നമ്പർ കത്ത്.

**ഉത്തരവ്**

നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും മലയാറ്റൂർ ഡിവിഷനിലെ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ, വനം വന്യജീവി വകുപ്പിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. പ്രദീപൻ കാരായി ഫയൽ ചെയ്ത OA(EKM) 840/2023 നമ്പർ കേസിൻമേൽ, ടിയാൻ സമർപ്പിച്ചിട്ടുള്ള Annexure A5 അപ്പീൽ അപേക്ഷ, മൂന്നാം എതിർകക്ഷിയായ സർക്കാർ, പരാതിക്കാരനേയും ആറാം എതിർകക്ഷിയേയും നേരിൽ കേട്ട ശേഷം, തീരുമാനമെടുക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ശ്രീ. പ്രദീപൻ കാരായിയുടെ സഹോദരൻ മിലിട്ടറിയിൽ കാശ്മീരിൽ ആയതിനാലാണ് സ്ഥലംമാറ്റത്തിൽ ജവാന്റെ ബന്ധു എന്ന മുൻഗണന നൽകി തൃശ്ശൂരിൽ നിന്ന് നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് മാറ്റിയത് എന്നും, നിലവിൽ ടി സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയായിട്ടില്ല എന്നും, പ്രായാധിക്യത്താൽ ബുദ്ധിമുട്ടുന്ന 80 വയസ്സായ അമ്മയെ സംരക്ഷിക്കുന്നതിന്, ടിയാന്റെ സാമീപ്യം വീട്ടിൽ ആവശ്യമുണ്ടെന്നും അതിനാൽ സ്ഥലംമാറ്റിയ നടപടി സ്റ്റേ ചെയ്ത് ടിയാനെ നരിക്കടവ് സ്റ്റേഷനിൽ തുടരാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടാണ് Annexure A5 അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3. ശ്രീ. പ്രദീപൻ കാരായി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ കവല ഫോറസ്റ്റ് സ്റ്റേഷനിൽ ജോലി നോക്കി വരവേ ടിയാന്റെ അപേക്ഷ പരിഗണിച്ച് ആറളം വൈൽഡ് ലൈഫ് സാങ്ച്വറിയിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റിയിരുന്നു. അത് പ്രകാരം 12-08-2021 മുതൽ ടിയാൻ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ ജോലിയിൽ തുടർന്ന് വരികയാണ്. അതിനുശേഷം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05-06-2023 തീയതിയിലെ ഇ4-368/2023 നമ്പർ ഉത്തരവ് പ്രകാരം , ഭരണപരമായ സൗകര്യാർത്ഥം ശ്രീ. പ്രദീപൻ കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും മലയാറ്റൂർ ഡിവിഷനിലെ മേക്കപ്പാല

ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്കും, കൊട്ടിയൂർ ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഷാജീവ്. കെ-യെ കണ്ണൂർ ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന ടിയാന്റെ അപേക്ഷ പരിഗണിച്ച് നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്കും സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08-06-2023-ലെ ഉത്തരവ് പ്രകാരം ശ്രീ. പ്രദീപൻ കാരായിയുടെ സ്ഥലം മാറ്റം സ്റ്റേ ചെയ്യുകയും അത് പ്രകാരം ശ്രീ. പ്രദീപൻ കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലും, ശ്രീ. ഷാജീവ്. കെ-യെ കൊട്ടിയൂർ ഫോറസ്റ്റ് സ്റ്റേഷനിലും നിലനിർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. ഇത് സംബന്ധിച്ച് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പുറപ്പെടുവിച്ച സ.ഉ. (പി) നമ്പർ 03/2017/ഉ.ഭ.പ.വ. തീയതി 25-02-2017 നമ്പർ ഉത്തരവിൽ പ്രത്യേക മുൻഗണനയിൽ 18-ആയി ഉൾപ്പെടുത്തിയിരിക്കുന്ന ജവാന്റെ ബന്ധു എന്നതിൽ സഹോദരൻ ഉൾപ്പെട്ടിട്ടില്ല എന്നും, ഭരണ സൗകര്യാർത്ഥം സ്ഥലംമാറ്റുന്നതിന് ഇത്ര കാലയളവ് ഒരു ഓഫീസിൽ തുടരണമെന്ന് നിർബന്ധമില്ല എന്നതും, അതിനു പുറമേ ശ്രീ. ഷാജീവ്. കെ യുടെ അപേക്ഷ പരിഗണിച്ചുമാണ് ശ്രീ. പ്രദീപൻ കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും സ്ഥലംമാറ്റിയിട്ടുള്ളത് എന്നും ടിയാന്റെ സർവീസിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ ഒരു വർഷവും ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ ഒരു മാസവും മാത്രമാണ് കണ്ണൂർ ജില്ലയ്ക്ക് പുറത്ത് ജോലി നോക്കിയിട്ടുള്ളത് എന്നും കണ്ണൂർ ജില്ലയിൽ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ ഉൾപ്പെട്ട വരുന്ന ആറളം വൈൽഡ് ലൈഫ് സാങ്ച്വറിയിലാണ് ഭൂരിഭാഗവും ജോലി ചെയ്തിട്ടുള്ളത് എന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ഫോറസ്റ്റ് കൺട്രോൾ റൂമിൽ ലഭിച്ച പരാതി കണ്ണൂർ ഫ്ളൈയിങ് സ്ക്വാഡ് ഡിവിഷൻ ഫോറസ്റ്റ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. പ്രദീപൻ കാരായി, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ കൃത്രിമ ഹാജർ നിലയും, കൃത്രിമ സർട്ടിഫിക്കറ്റും രേഖപ്പെടുത്തി സർക്കാർ രേഖയായ മസ്റ്റർ റോൾ സമർപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്നും, സർക്കാർ രേഖയിൽ കൃത്രിമം കാണിക്കുന്നതും, കീഴ് ജീവനക്കാരോട് കൃത്രിമത്വം കാണിക്കുന്നതിന് നിർദ്ദേശം നൽകുന്നതും കുറ്റകരമായ പ്രവർത്തിയായതിനാൽ, ടിയാനെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ ചുമതലയിൽ നിന്ന് സ്ഥലം മാറ്റി നിയമിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ശുപാർശ ചെയ്തിട്ടുണ്ട് എന്നും, മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ടിയാനെ കണ്ണൂർ ജില്ലയിലെ നരിക്കടവ് സ്റ്റേഷനിൽ നിന്നും സ്ഥലംമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം, ശ്രീ പ്രദീപൻ കാരായിയെയും കേസിലെ 6-ാം എതിർകക്ഷി ശ്രീ.കെ. ഷജീവിനേയും 25.01.2024 ന വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ജവാൻ ആയ സഹോദരനും ഫാമിലിയും നിലവിൽ ചണ്ഡിഗറിൽ ആണ് എന്നും, പ്രായാധിക്യത്താൽ

ബുദ്ധിമുട്ടുന്ന 80 വയസ്സായ അമ്മയെ സംരക്ഷിക്കുന്നതിന് നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിലനിർത്തണം എന്നും ശ്രീ പ്രദീപൻ കാരായി ആവശ്യപ്പെട്ടുകയുണ്ടായി. ശ്രീ. ഷാജീവ്. കെ ഹിയറിങ്ങിൽ, അപേക്ഷ കണ്ണൂർ ജില്ലയിലെ ടിംബർ സെയിൽസ് ഡിവിഷനിലെ ഡിപ്പോ യിലേയ്ക്ക് ആയിരുന്നു എന്നും എന്നാൽ വളരെ ദൂരെയുള്ള നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ ആണ് സ്ഥലംമാറ്റം നൽകിയത് എന്നും നിലവിൽ സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചിട്ടില്ല എന്നും ആയതിനാൽ നിലവിലെ സ്റ്റേഷൻ ആയ കൊട്ടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷനിൽ നിലനിർത്തണം എന്നും ആവശ്യപ്പെട്ടുകയുണ്ടായി.

7. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പുറപ്പെടുവിച്ച സ.ഉ. (പി) നമ്പർ 03/2017/ഉ.ഭ.പ.വ. തീയതി 25-02-2017 നമ്പർ ഉത്തരവ് പ്രകാരം ഭരണ സൗകര്യാർത്ഥം സ്ഥലംമാറ്റം നടത്തുന്നതിന് നിശ്ചിത കാലയളവ് ആവശ്യമില്ല. ശ്രീ പ്രദീപൻ കാരായിയെ സ്ഥലംമാറ്റം ചെയ്തത് ഭരണ സൗകര്യാർത്ഥം കണക്കിലെടുത്താണ് എന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 25-02-2017 ലെ സ.ഉ. (പി) നമ്പർ 03/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിൽ പ്രത്യേക മുൻഗണനയിൽ സഹോദരൻ ഉൾപ്പെട്ടിട്ടില്ല. ടിയാന്റെ സർവീസിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ ഒരു വർഷവും ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കാലയളവിൽ ഒരു മാസവും മാത്രമാണ് കണ്ണൂർ ജില്ലയ്ക്ക് പുറത്ത് ജോലി നോക്കിയിട്ടുള്ളത്. ടിയാനെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ ചുമതലയിൽ നിന്ന് സ്ഥലം മാറ്റി നിയമിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിലനിർത്തണമെന്ന ആവശ്യപ്പെട്ടുകൊണ്ടു ശ്രീ പ്രദീപൻ കാരായി സമർപ്പിച്ച Annexure A5 അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ടു ഉത്തരവാകുന്നു. ശ്രീ പ്രദീപൻ കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റുന്നതിനും, പ്രായമായ അമ്മയുടെ സംരക്ഷണത്തിന് ജവാനായ സഹോദരനും നാട്ടിലില്ല എന്നത് പരിഗണിച്ച്, ടിയാനെ കണ്ണൂർ ജില്ലയിൽ തന്നെ നിയമിക്കുന്നതിനും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. പ്രദീപൻ കാരായി, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ, ആറളം വൈൽഡ് ലൈഫ് ഡിവിഷൻ, ആറളം, കണ്ണൂർ- 670 674.
ശ്രീ. ഷജീവ്.കെ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, കൊട്ടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ, എടവണ്ണ റേഞ്ച്, നിലമ്പൂർ നോർത്ത് ഡിവിഷൻ, മലപ്പുറം- 676 541.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ &ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 14-02-2024 09:57:01
സെക്ഷൻ ഓഫീസർ